**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1746** | **31-08-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർവകലാശാല അസോസിയേറ്റ് പ്രൊഫസർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ സർവകലാശാല അസോസിയേറ്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് അപേക്ഷകർ നൽകിയ രേഖകൾ സ്ക്രീനിങ് കമ്മിറ്റി പരിശോധിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; | (എ) | കണ്ണൂർ സർവകലാശാല അസോസിയേറ്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് അപേക്ഷകർ നൽകിയ രേഖകൾ സ്ക്രീനിങ് കമ്മിറ്റി പരിശോധിച്ചിട്ടുണ്ട്. |
| (ബി) | പ്രോ വൈസ്ചാൻസലർ അധ്യക്ഷനായ സ്ക്രീനിങ് കമ്മിറ്റി അപേക്ഷകർ നൽകിയ രേഖകൾ പരിശോധിച്ചതിന് ശേഷമാണോ ചുരുക്കപ്പട്ടിക തയ്യാറാക്കുന്നത്; പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് നടപടിക്രമം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ; | (ബി) | പ്രോ വൈസ് ചാൻസലർ അധ്യക്ഷനായ സ്ക്രീനിങ് കമ്മിറ്റി അപേക്ഷകർ നൽകിയ രേഖകൾ പരിശോധിച്ചതിന് ശേഷമാണ് ചുരുക്കപ്പട്ടിക തയ്യാറാക്കുന്നത്. പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് നടപടിക്രമം പാലിച്ചിട്ടുണ്ട്. |
| (സി) | അപേക്ഷകർ നൽകിയ രേഖകൾ സ്ക്രീനിങ് കമ്മിറ്റി പരിശോധിച്ച് ചുരുക്കപ്പട്ടിക തയ്യാറാക്കിയ ശേഷം അദ്ധ്യാപന പരിചയവും ഗവേഷണ പ്രബന്ധങ്ങളുടെ മികവും ഇന്റർവ്യൂവിൽ മാനദണ്ഡമാകില്ല എന്ന വാദം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | യു.ജി.സി. റെഗുലേഷൻസ് 2018പ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയാണ് ഇന്റർവ്യൂവിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നത്. സെലക്ഷൻ കമ്മിറ്റി ചുവടെ ചേർത്തിരിക്കുന്ന അഞ്ച് മേഖലകളിൽ പരമാവധി 10 മാർക്ക് വീതം നിശ്ചയിച്ച് (ആകെ 50 മാർക്ക്) അഭിമുഖത്തിൽ മാർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഉദ്യോഗാർത്ഥികളെ റാങ്ക് ചെയ്തിട്ടുള്ളത്.<br>1. Research<br>2. Publication<br>3. Teaching Ability<br>4. Language Competence<br>5. Inter disciplinary and Domain Knowledge. |

സെക്ഷൻ ഓഫീസർ